(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സ്വാശ്രയ സ്കൂളുകൾ വാങ്ങാൻ അനുവദിച്ചിട്ടുള്ള ഫീസ്

108 (1418) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ സ്കൂളുകളാണുള്ളത് ;

(ബി) സ്വാശ്രയ സ്കൂളുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും വാങ്ങാവുന്ന ഫീസ് എത്രയെന്ന് തീരുമാനിക്കുന്നതിനുള്ള അധികാരം ഗവൺമെന്റിനുണ്ടോ ;

(സി) എങ്കിൽ ഇപ്പോൾ സ്വാശ്രയ സ്കൂളുകൾ വിദ്യാർത്ഥികളിൽ നിന്ന് വാങ്ങാനനുവദിച്ചിട്ടുള്ള ഫീസ് എത്രയെന്ന് പറയുമോ ?

ഉത്തരം

(എ) 500 അംഗീകൃത അൺ എയ്ഡഡ് (സ്വാശ്രയ) സ്കൂളുകളുണ്ട്. കൂടാതെ എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളോട് അനുബന്ധിച്ച് 331 അൺ എയ്ഡഡ് പ്ലസ്ടു സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികളിൽ നിന്ന് പ്രതിവർഷം 1333 രൂപയും 8 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളിൽ നിന്ന് പ്രതിവർഷം 2000 രൂപയും ഫീസിനത്തിൽ ഈടാക്കാൻ അനുവദിച്ചിട്ടുണ്ട്. പ്രതിമാസ ട്യൂഷൻ ഫീസ് ഉൾപ്പെടെ എല്ലാ ഫീസുകളും ഉൾപ്പെടെയുള്ള നിരക്കാണിത്. അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ട്യൂഷൻ ഫീസായി പ്രതിമാസം 500 രൂപയും മറ്റ് ഫീസുകളായി പ്രതിവർഷം 1000 രൂപയും തിരിച്ചു കൊടുക്കാവുന്ന കോഷൻ ഡെപ്പോസിറ്റായി 1000 രൂപയും വാങ്ങുന്നതിന് അനുവദിച്ചിട്ടുണ്ട്.

അൺ എയ്ഡഡ് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളായി ഉയർത്തിയ നടപടി

109 (1419) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയതായി വിദ്യാലയങ്ങൾ ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് അൺ എയ്ഡഡ് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളായി ഉയർത്തിയിട്ടുണ്ടോ ; എത്ര വിദ്യാലയങ്ങൾ എയ്ഡഡ് വിദ്യാലയങ്ങളായി ഉയർത്തി എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിദ്യാലയങ്ങളുടെ മാനേജ്മെന്റ് ആരാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് 5-ാം ക്ലാസ് ഉൾപ്പെടുന്ന എത്ര എൽ. പി. സ്കൂളുകൾ ഉണ്ട് ; ഇതിൽ സർക്കാർ വിദ്യാലയങ്ങൾ എത്ര എണ്ണം ഉണ്ട് ;

(ഇ) ഈ വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്ത് യു. പി. സ്കൂളുകളായി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ, പുനലൂർ, ആലപ്പുഴ ജില്ലയിലെ ചെറിയനാട്, പള്ളിപ്പാട്, പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ, കോഴിക്കോട് ജില്ലയിലെ ചേളന്നൂർ, ഇടുക്കി ജില്ലയിലെ വണ്ടൻമേട് തൃശ്ശൂർ ജില്ലയിലെ ശ്രീകണ്ഠപുരം, മലപ്പുറം ജില്ലയിലെ ഇരുമ്പുളിയം, തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം കോർപ്പറേഷൻ എന്നിവടങ്ങളിൽ ഹൈസ്കൂൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 740 സ്കൂളുകൾ . അതിൽ സർക്കാർ സ്കൂളുകൾ 230 എണ്ണം.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

അൺ എയ്ഡഡ് യു. പി. സ്കൂളുകൾ അൺ എയ്ഡഡ് ഹൈസ്കൂളുകളായി ഉയർത്തുന്നതിന് നടപടി

110 (1420) ശ്രീമതി സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയ്ഡഡ് യു. പി. സ്കൂളുകൾ അൺ എയ്ഡഡ് ഹൈസ്കൂളുകളായി ഉയർത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഈ അപേക്ഷകളിൻമേൽ എന്നത്തേക്ക് തീരുമാനമാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 49.

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ 3 മാസത്തെ സമയം ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly